# ഖാദർകമ്മീഷൻറിപ്പോർട്ട് പൊതുവിദ്യാഭ്യാസമേഖലയ്ക്ക് ഗുണകരമല്ല

സെക്കണ്ടറി - ഹയർ സെക്കണ്ടറി ഏകോപനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഖാദർ കമ്മീഷൻ ശിപാർശകൾ, ഇപ്പോൾ നല്ല രീതിയിൽ പോകുന്ന പൊതുവിദ്യാഭ്യാസമേഖലയെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. വർഷങ്ങളുടെ അനുഭവപാഠത്തിലൂടെ വിജയകരമായി മുന്നേറുന്ന 10+2+3 വിദ്യാഭ്യാസഘടനയെ തികച്ചും അനവധാനതയോടെ പൊളിച്ചെഴുതുന്നത് യുക്തിഭദ്രമല്ല. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിഷയങ്ങൾ തിരഞ്ഞെടുത്ത് പഠിക്കുന്നതിന് അവസരം ഒരുക്കുന്ന ഹയർ സെക്കണ്ടറി മേഖല പ്രത്യേകമായിതന്നെ പരിഗണിക്കേണ്ട വിഭാഗമാണ്. കുട്ടികളുടെ വളർച്ചയെയും മാനസികവികാസത്തെയും സംബന്ധിച്ച നിലവിലുള്ള ധാരണകളെ പരിഗണിക്കാതെയാണ് ഖാദർകമ്മീഷൻ റിപ്പോർട്ടിലെ ഘടനാപരിഷ്കരണശുപാർശകളെന്ന് കാണാവുന്നതാണ്. ഏകീകരണത്തെ തുടർന്ന് വരാവുന്ന പാഠ്യപദ്ധതിലഘൂകരണം ദേശീയതലമത്സരപ്പരീക്ഷകളിൽനിന്ന് വിദ്യാർത്ഥികളെ പിന്തള്ളുമെന്ന ആശങ്ക പൊതുവിദ്യാലയങ്ങളിൽനിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല.

പഞ്ചായത്ത് എഡ്യൂക്കേഷൻ ഓഫീസറുടെ നിയമനത്തിലൂടെ വിദ്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലും അക്കാദമികകാര്യങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനിയന്ത്രിതമായി ഇടപെടുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിക്കാനാണ് സർക്കാരിന്റെ ശ്രമം. ഇത് പഞ്ചായത്തുകളുടെ രാഷ്ട്രീയതാൽപര്യങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസപ്രോജക്ടുകൾ ചിട്ടപ്പെടുത്തുന്നതിനും പഠനപ്രവർത്തനങ്ങളുടെ ഏകീകൃതസ്വഭാവവും ഗുണവും നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കും.

8 മുതൽ 12 വരെ ഒരു യൂണിറ്റായി പരിഗണിച്ച് തസ്തികനിർണ്ണയം നടത്തുമ്പോൾ ഭാവിയിൽ പരോക്ഷമായി അദ്ധ്യാപകനിയമനനിരോധനം ഉണ്ടാവുകയും അതുവഴി വിദ്യാഭ്യാസമേഖലയിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയും ചെയ്യും. കമ്മീഷൻറിപ്പോർട്ട് ശിപാർശ ചെയ്യുന്ന അധികാരകേന്ദ്രീകരണം നിലവിലുള്ള സെക്കണ്ടറി - ഹയർ സെക്കണ്ടറി ജീവനക്കാരെ പലതട്ടുകളിലാക്കുകയും അധികാരത്തർക്കങ്ങളിലേക്കും സീനിയോറിറ്റി തർക്കങ്ങളിലേക്കും കോടതിവ്യവഹാരങ്ങളിലേക്കും നയിക്കുന്നതിലൂടെ വിദ്യാഭ്യാസമേഖലയെ കലുഷിതമാക്കുകയും ചെയ്യും.

പൊതുവിദ്യാഭ്യാസമേഖലയുടെ പുരോഗതിക്കുവേണ്ടി ആദ്യകാലം മുതല്ക്കുതന്നെ സേവനം നടത്തിവരുന്ന പ്രസ്ഥാനങ്ങളുടെയോ മാനേജ്മെന്റുകളുടെയോ പ്രവർത്തനങ്ങൾക്ക് യാതൊരുവിധ അംഗീകാരവും നല്കാതെ, അവരെ ആ രംഗത്തുനിന്നും പിന്തള്ളുന്നതിനുവേണ്ടി, അവരുമായി ചർച്ചകളോ ആശയവിനിമയമോ നടത്താതെ, ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലും ഏകപക്ഷീയമായി നടത്തിവരുന്ന ബോധപൂർവമായ ശ്രമമായിട്ടുവേണം ഇതിനെ കാണാൻ. പൊതുവിദ്യാഭ്യാസരംഗത്ത് പതിറ്റാണ്ടുകളായി പ്രവർത്തനം നടത്തിവരുന്ന എയിഡഡ് മേഖലയെ തകർക്കാനുള്ള ഈ നീക്കം സാധാരണക്കാരായ കുട്ടികളുടെ വിദ്യാഭ്യാസസൗകര്യങ്ങളെയാണ് ഇതുവഴി ഇല്ലാതാക്കുന്നതെന്ന് സർക്കാർ മനസ്സിലാക്കേണ്ടതാണ്.

ആയതിനാൽ, കേന്ദ്രവിദ്യാഭ്യാസഅവകാശനിയമത്തിന്റെ മറപിടിച്ചുകൊണ്ട് കേരളസർക്കാർ ഏകപക്ഷീയമായി ഇത്തരത്തിൽ ഒരു റിപ്പോർട്ട് നടപ്പാക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഈ വസ്തുതകൾ കണക്കിലെടുത്ത്, പ്രസ്തുത റിപ്പോർട്ട് നടപ്പാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും പുനർചിന്തനം ആവശ്യമാണ്.